(ഡി) ഇതു സംബന്ധമായി വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) സി. ആന്റ് എ. ജി. റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എപ്പോഴാണ്?

ഉത്തരം

(എ) ... (ഇ) 2003 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ സി. ആന്റ് എ. ജി. യുടെ റിപ്പോർട്ട് (വാണിജ്യപരം) 2003 ജൂലൈ മാസത്തിൽ സർക്കാരിൽ ലഭിച്ചു. പ്രസ്തുത റിപ്പോർട്ടിൽ സ്വകാര്യ മുതൽമുടക്കുകാരന് 8.79 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നൽകുന്നതിന് ഇടയാക്കിയതായി പ്രതിപാദിച്ചിരുന്നു. 12.477 കി.മി. ലൈൻ നിർമ്മിച്ചതിന് ചെലവായ തുകയും പലിശയും പ്രസ്തുത സ്വകാര്യ മുതൽമുടക്കുകാരനിൽനിന്നും ഈടാക്കുന്നതിന് ബോർഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ വൈദ്യുതിനിരക്ക്

15 [2765] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് കീഴിലും സാശ്രയ സംഘടനകൾക്ക് കീഴിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള വൈദ്യുതിനിരക്ക് എത്രയാണ്;

(ബി) ഈ ഇനത്തിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് വിനിയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് കുറയ്ക്കണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) സേവനമേഖലയെന്ന നിലയ്ക്ക് ഈ ഇനത്തിൽപ്പെട്ട വൈദ്യുതിയുടെ ചാർജ്ജ് കുറയ്ക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) കുടിവെള്ള പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്ക് എൽ. റ്റി. IV ആണ്. ഇതിന്റെ നിരക്ക് ചുവടെ ചേർക്കുന്നു:

ഒരു കിലോവാട്ടിന് ഒരു മാസത്തേക്കുള്ള ഫിക്സഡ് ചാർജ്ജ്—45 രൂപ.

ഒരു യൂണിറ്റിനുള്ള എനർജി ചാർജ്—325 പൈസ.

LIBRARY ARCHIVES Kerala Legislative Assembly